# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4769 — 29.06.12-ൽ മറുപടിക്ക്.

## ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.രാജു എബ്രഹാം | | ഡോ.എം.കെ.മുനീർ<br>(ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) പഞ്ചായത്തുകളുടെ വാർഷിക പദ്ധതി നിർവ്വഹണത്തിന്റെ സൂക്ഷ്മ പരിശോധനയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകളുടെ പ്രവർത്തനം അവസാനിപ്പിച്ചു കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ടോ; എങ്കിൽ എന്നാണ് ഉത്തരവ് നൽകിയിട്ടുള്ളത്;ഉത്തരവിന്റെ കോപ്പി ഹാജരാക്കാമോ; എന്തുകൊണ്ടാണ് ഇത് സർക്കാർ പിരിച്ചുവിട്ടത്; | (എ) | ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകളുടെ പ്രവർത്തനം അവസാനിപ്പിച്ചുകൊണ്ട് പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭരണസമിതി അംഗീകരിച്ച പദ്ധതിയും പ്രോജക്ടുകളും പരിശോധിച്ച് വിലയിരുത്തി അംഗീകാരം നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കിയ ഉദ്യോഗസ്ഥന്റെ മേലുദ്യോഗസ്ഥനെയാണ് ഇപ്പോൾ ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ വിശദമാക്കിയിട്ടുണ്ട്. |
| (ബി) പഞ്ചായത്തുകൾ ഓരോ വർഷവും പദ്ധതി തയ്യാറാക്കി അതിന് അംഗീകാരം വാങ്ങി നടപ്പിലാക്കുന്നതിന് പകരം അഞ്ചു വർഷത്തേയ്ക്കുള്ള പദ്ധതികൾ ഒരുമിച്ച് തയ്യാറാക്കുന്ന രീതിയിലേയ്ക്ക് പദ്ധതി രൂപീകരണം മാറ്റുന്നതിനായി സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ദീർഘകാല വീക്ഷണത്തോടെ അഞ്ച് വർഷത്തേയ്ക്കുള്ള പ്രോജക്ടുകൾ ഗ്രാമ പഞ്ചായത്തുകൾ വർഷം തിരിച്ച് മുൻഗണന അനുസരിച്ചും മേഖല തിരിച്ചും തയ്യാറാക്കേണ്ടതാണ്. ദീർഘകാല പദ്ധതിയുടെ അടിസ്ഥാനത്തിലുള്ള വാർഷിക പദ്ധതികൾ ഓരോ രണ്ട് വർഷത്തേക്ക് (ഒന്നും രണ്ടും വർഷങ്ങളിലേയ്ക്കുള്ള പദ്ധതി തരം തിരിച്ച്) പദ്ധതി രൂപീകരണ നടപടിക്രമങ്ങൾ പാലിച്ച് തയ്യാറാക്കണം. ഭരണസമിതി അംഗീകരിച്ച പദ്ധതികൾ പഞ്ചായത്തിലെ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് നിയമാനുസൃതം നടപടിക്രമങ്ങളും പാലിച്ചിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുകയും അദ്ദേഹത്തിന്റെ മേലുദ്യോഗസ്ഥൻ വിലയിരുത്തി സാങ്കേതിക അനുമതി നൽകുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ